Mr. President: The question is that Government be granted a sum of Rs. 3,95,809 under 28—Public Health.

Demand put and carried

(v) 18—Vaccination (Cranganur)

Mr. C. A. Ouseph *(Minister for Education and Public Health):* Sir, I move for an allotment of Rs. 1,040 under 18—Vaccination (Cranganore.)

Mr. P. Govinda Menon *(Minister for Finance and Law):* I second it.

Mr. President : The question is that Government be granted a sum of Rs. 1,040 under 18—Vaccination (Cranganore).

Demand put and carried

(vi) 19—Sanitation and Conservancy (Cranganur)

Mr. C. A. Ouseph *(Minister for Education and Public Health):* Sir, I move for an allotment of Rs. 23,830 under 19—Sanitation and Conservancy (Cranganur).

Mr. P. Govinda Menon *(Minister for Law and Finance):* I second it.

CUT MOTION

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: To reduce the allotment of Rs. 23,830 for Sanitation and Conservancy (Cranganore) in Demand No. 19 by Re. 1. (കൊതുകുനിവാരണത്തിനുവേണ്ട നടപടികൾ എടുക്കേണ്ട കാര്യം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ) സർ, മുനിസിപ്പാലിറ്റികളിൽ കൊതുകുനിവാരണത്തിന്നായി യാതൊരു നടപടിയും എടുക്കാത്തതുകൊണ്ടും വില്ലുജുകളിലും അതുപോലെതന്നെ കൊതുകശല്യത്തിന്നു് യാതൊന്നും ചെയ്യാത്തതുകൊണ്ടുമാണു് ഞാൻ ഈ ഉപക്ഷേപം ഈ സഭ മുമ്പാകെ അവതരിപ്പിക്കുന്നതു്. അഴീക്കോടു് മുതലായ വില്ലുജുകളിൽ കൊതുകിന്റെ ശല്യംകൂടിക്കൂടി വരുന്നതുകൊണ്ടു് അതു തടയുവാൻ ഗവണ്മെണ്ടു് എന്തെങ്കിലും ചെയ്യണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നു.

മിസ്റ്റർ സി. എ. ഔസേപ്പ്: സർ, മുനിസിപ്പാലിറ്റി അതൃത്തികൾക്കുള്ളിലും കൊതുകശല്യം ധാരാളമുണ്ടു്. അതുപോലെതന്നെ കൊടുങ്ങല്ലൂരിലും കൊതുകിന്റെ ശല്യമുണ്ടെന്നു് അറിയാം. കൊതുകിന്റെ ശല്യം കുറയ്ക്കുവാനുള്ള ശ്രമങ്ങൾ കഴിയുന്നത്ര ഗവണ്മെണ്ടു ചെയ്യുന്നതാണു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയനുസരിച്ചു് ഈ സഭയുടെ അനുമതിയോടുകൂടി ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

Demand put and carried

(vii)—35—Industries

Mr. P. Govinda Menon *(Minister for Law and Finance):* Sir, I move that under 35—Industries Government be granted an amount of Rs. 1,63,634.

Mr. E. Ikkanda Warriar *(Prime Minister):* I second it.

Mr. President : Here also there are a large number of cut motions.

Cut motion No. 1 (not moved)

CUT MOTION No. 2

Mr. V. K. Joseph *(Alur):* Sir I move the cut motion to reduce the allotment of Rs. 5,844 for Industrial Centre Cherpu—Other Charges—Industries in Demand No. 35 by Rs. 2. I want *to impress the Government that instead of running an Industrial Centre at Cherpu, small scale cottage industries like bee-keeping, spinning of yarn, etc., conducted in all High Schools, under the supervision of an expert in these industries will bring about a better effect.* I hope the Government will view this favourably.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ചേർപ്പു് ഇൻഡസ്ട്രിയൽ സെന്ററിൽ ചിലവാക്കുന്ന പണം ഉദ്ദേശയോഗമായി പോകുകയാണെന്നും ആ സംഖ്യ മറ്റുവല്ല പ്രവർത്തനങ്ങൾക്കും ഉപയോഗിക്കേണ്ടതാണെന്നുമുള്ള കാര്യം ഗവണ്മെണ്ടിന്റെ അവഗാഢമായ ആലോചനയിൽ ഇരിക്കുകയാണു്. അതിനെപ്പറ്റി ചിന്തിക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള കാര്യങ്ങളും ആലോചിക്കാം. Bee Keeping, spinning of yarn മുതലായവ സക്കാർ സ്കൂളുകളിൽ എടുപ്പിക്കേണ്ട കാര്യം ഗവണ്മെണ്ടിന്റെ സജീവശ്രദ്ധക്ക വിഷയ

*Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

കമാക്കുക എന്നുള്ളതു് ആലോചിക്കേണ്ട സംഗതിയാണു്. ഏതായാലും ഈ അഭിപ്രായം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിട്ടുള്ളതുകൊണ്ടു് ഇതു പ്രസ്സു് ചെയ്യേണ്ടതില്ലെന്നു അഭിപ്രായപ്പെടുന്നു.

മിസ്റ്റർ വി. കെ. ജോസഫ്: ബഹുമാനപ്പെട്ട മന്ത്രി നൽകിയ അനുകൂലമായ മറുപടിയനുസരിച്ചു് ഞാൻ ഈ ഉപക്ഷേപം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുന്നു.

Motion, by leave, withdrawn
Cut motion No. 3 (not moved)

CUT MOTION No. 4.

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: To reduce the allotment of Rs. 1,63,634 for Industries *Total in Demand No. 35 by Re. 1. (Government always to purchase indigenous products for its use.)*

സർ, നമ്മുടെ നാട്ടിലുള്ള വ്യവസായശാലകളിൽ ഉണ്ടാക്കുന്ന സാധനങ്ങൾ ഗവണ്മെണ്ടിൽനിന്നും വാങ്ങി ഇന്നാട്ടിലെ വ്യവസായങ്ങളെ പോഷിപ്പിക്കണമെന്നു് അഭ്യർത്ഥിക്കുവാനാണു് ഞാൻ ഈ ഉപക്ഷേപം സഭമുമ്പാകെ അവതരിപ്പിക്കുന്നതു്. വ്യവസായശാലകളിൽ ഗവണ്മെണ്ടിനു ആവശ്യമായ അനവധി സാധനങ്ങൾ ഇനിയുണ്ടാക്കുന്നുണ്ടു്. ആ വക ഉപയോഗപ്രദമായ സാധനങ്ങൾ ഉണ്ടാക്കുന്ന വ്യവസായശാലകളെ പോഷിപ്പിക്കാൻ സാധിക്കാതിരിക്കുന്നിടത്തോളം കാലം നമ്മുടെ രാജ്യം വ്യവസായപരമായി പുരോഗമിക്കുന്നതല്ല. ഗവണ്മെണ്ടിനു ആവശ്യമായ സാധനങ്ങൾ ഈ കുടിൽവ്യവസായങ്ങളിൽനിന്നും വാങ്ങിച്ചു് അവയെ പ്രോത്സാഹിപ്പിക്കുക എന്ന തത്വം ഗവണ്മെണ്ടു് സ്വീകരിച്ചാൽ മാത്രമെ വ്യവസായം നമ്മുടെ നാട്ടിൽ പുരോഗമിക്കയുള്ളു. ഗവണ്മെണ്ടിലേക്കു് ആവശ്യമുള്ള സാധനങ്ങൾ അധികവും ഇന്നു് കരാറു കൊടുത്തു് കരാറുകാരനെകൊണ്ടാണു് ചെയ്യിക്കുന്നതു് എന്നു് എനിക്കറിയാം. അതിനാൽ അങ്ങിനെ ഒരു തത്വം സ്വീകരിച്ചാൽതന്നെ അതുകൊണ്ടുണ്ടാകുന്ന സാമ്പത്തികം പരിമിതങ്ങളാണു് എങ്കിലും അതു ഏറെക്കുറെ വ്യവസായശാലകൾക്കു ഒരു പ്രോത്സാഹനമായിരിക്കും. സോപ്പു്, ഓട്ടു്, ഇഷ്ടിക എന്നിങ്ങിനെ പല സാധനങ്ങളും ഉണ്ടാക്കുന്ന കമ്പനികൾ ഇന്നു കൊച്ചിയിലുണ്ടു്. കുറച്ചു വില കൂട്ടിയിട്ടാണെങ്കിൽക്കൂടി ആ വക തൊഴിലുകൾ വളർത്തിപ്പിക്കാനുള്ള ഒരു പ്രോത്സാഹനം എന്ന നിലക്കു അവയെ വാങ്ങിക്കാമെന്നു് ഗവണ്മെണ്ടു് ഉറപ്പുണ്ടാക്കണം. അതുകൊണ്ടു് നമ്മുടെ നാട്ടിലുണ്ടാകുന്ന സാധനങ്ങൾ കഴിയുന്നതും ഗവണ്മെണ്ടാവശ്യത്തിനു വേണ്ടി ഉപയോഗിക്കണമെന്ന തത്വം സ്വീകരിക്കണമെന്നാണു് ഈ ഉപക്ഷേപംമൂലം ആവശ്യപ്പെടുന്നതു്. ഈ ഉപക്ഷേപം സഭയുടെ അംഗീകരണത്തിനായി ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഇന്നാട്ടിലെ കുടിൽവ്യവസായശാലകളിൽ ഉണ്ടാക്കുന്ന സാധനങ്ങൾ ഗവണ്മെണ്ടിനാവശ്യമുള്ളവ വാങ്ങിക്കുന്നതുകൊണ്ടു യാതൊരു നഷ്ടവും വരാനില്ല. കുടിൽവ്യവസായശാലകളിൽ ഉണ്ടാക്കുന്നവയും പുറമെനിന്നു വാങ്ങിക്കുന്നവയുമായ സാധനങ്ങൾ തമ്മിൽ വളരെ വലിയ വിലവ്യത്യാസം ഉണ്ടാകുന്ന സംഗതികളിൽ മാത്രമെ ഏതാണു നല്ലതെന്നു ആലോചിക്കേണ്ടതുള്ളു. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഗവണ്മെണ്ടു ആലോചിച്ചു് ഏതാണു നല്ലതെന്നു തീരുമാനിക്കുന്നതായിരിക്കും. ഈ തത്വം സ്വീകരിക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടുമില്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: ബഹുമാനപ്പെട്ട മന്ത്രി നമ്മുടെ നാട്ടിലെ വ്യവസായശാലകളിൽ ഉണ്ടാക്കുന്ന സാധനങ്ങൾ കഴിയുന്നതും വാങ്ങിക്കുന്നതാണെന്നു് ഉറപ്പു തന്നതുകൊണ്ടു ഞാൻ ഈ ഉപക്ഷേപം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുന്നു.

Motion by leave, withdrawn

CUT MOTION No. 5

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: To reduce the amount of Rs. 1,63,634 for Industries (Total) in Demand No. 35 by — Re. 1.

(വ്യവസായവിദ്യാലയങ്ങൾ സഹകരണസംഘങ്ങളെ എല്പിക്കേണ്ടതിന്റെ ആവശ്യകത ഗവണ്മെണ്ടിനെ ധരിപ്പിക്കുവാൻ)

സർ, വ്യയ ലഘൂകരണത്തിന്റെ പേരിലാണെല്ലാ വ്യവസായ വിദ്യാലയങ്ങളും ഗവണ്മെണ്ടു് നിർത്തലാക്കിയിരിക്കുന്നതു്. ഗവണ്മെണ്ടു് നടത്തിവരുന്ന വ്യവസായ വിദ്യാലയങ്ങൾ ഗവണ്മെണ്ടിനു് ഒരു ഭാരം മാത്രമായിരുന്നുവെങ്കിലും യഥാർത്ഥത്തിൽ അവ വളരെ പ്ര

*Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. K. Kunjayyappan]

യോജനമുള്ളവയായിരുന്നു. ഗവണ്മെണ്ടിനു അവ നഷ്ടമുണ്ടാക്കുന്ന തരത്തിൽപ്പോലായി പരിണമിച്ചതുകൊണ്ടു് നിൎത്തലാക്കേണ്ടി വന്നതാകാം. പല വ്യവസായ വിദ്യാലയങ്ങളും സഹകരണ സംഘങ്ങളും ഏറെറടുത്തു നടത്തുന്നവയായുണ്ടു്. സഹകരണ സംഘങ്ങളെ കുറെ കൊല്ലങ്ങൾക്കു മുമ്പു ഏല്പിച്ചുകൊടുത്ത വിദ്യാലയങ്ങളാണു് അവ. സഹകരണസംഘങ്ങളും ഏറെറടുത്ത വ്യവസായ വിദ്യാലയങ്ങളും നന്നായി നടക്കുന്നുണ്ടു; പ്രയോജനകരമായവിധം നടക്കുന്നുണ്ടു്. അതുകൊണ്ടു് നിൎത്തലാക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായ വിദ്യാലയങ്ങൾ സഹകരണ സംഘങ്ങളെ ഏല്പിച്ചു കൊടുത്തു, ഉപയോഗപ്രദമായ കടിൽ വ്യവസായങ്ങൾ സംഘടിപ്പിക്കുവാനും, കൂടികൊണ്ടു പരിശീലനം നൽകാനും ശ്രമിക്കണമെന്നു് ഞാൻ ഗവണ്മെണ്ടിനോടു് അപേക്ഷിക്കുന്നു. ചില വ്യവസായ വിദ്യാലയങ്ങൾ നിൎത്തലാക്കുന്നു; എതാനും വ്യവസായവിദ്യാലയങ്ങൾ ഗവണ്മെണ്ടിൽനന്നായും നടത്തുന്നു! എല്ലാം സഹകരണ സംഘങ്ങൾക്കു ഏല്പിച്ചുകൊടുത്തു നടത്തുന്നതു നന്നായിരിക്കുകയില്ലേ? അത്തരം വിദ്യാലയങ്ങൾ ഏറെറടുത്തു നടത്താൻ തയ്യാറുള്ള സഹകരണസംഘങ്ങൾ ധാരാളമുണ്ടു്. എല്ലാം സഹകരണസംഘങ്ങളെ ഏല്പിച്ചുകൊടുത്തു നടത്തുന്നതു നന്നായിരിക്കുമെന്നുള്ള സംഗതി ഈ ഉപക്ഷേപം വഴി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുക മാത്രമെ എനിക്കുദ്ദേശമുള്ളൂ.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഈ ഉപക്ഷേപത്തിൽ അടങ്ങിയ തത്വം ഗവണ്മെണ്ടിനു സ്വീകാൎയ്യമാണു്. ഇപ്പോൾതന്നെ കണ്ണംകുളത്തും ദേശമംഗലത്തും ചേലക്കരയിലും വ്യവസായ വിദ്യാലയങ്ങൾ സഹകരണ സംഘങ്ങളാണു് നടത്തുന്നതു്. ഇൻഡസ്ട്രിയൽ ഡിപ്പാൎട്ടുമെണ്ടിലെ വ്യയലഘൂകരണത്തെപ്പറ്റി തീരുമാനിക്കുമ്പോൾ ചെറായിയിലെ വ്യവസായവിദ്യാലയവും ഒരു സഹകരണസംഘത്തെ ഏല്പിക്കണമെന്നു തീരുമാനിച്ചിട്ടുണ്ടു്. വേറെ സ്ഥലങ്ങളിലും വ്യവസായവിദ്യാലയങ്ങൾ നടത്താൻ മുന്നോട്ടുവന്നാൽ തീൎച്ചയായും ഗവണ്മെണ്ടു സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കും.

മിസ്റ്റർ ടി. കെ. കുഞ്ഞുണ്ണൻ: അന്തിക്കാട്ടുള്ള ഇൻഡസ്ട്രിയൽ സ്കൂൾ അവിടെയുള്ള ഏതെങ്കിലും സഹകരണസംഘത്തെ ഏല്പിക്കണം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആലോചിക്കാം. അതാണു് ഗവണ്മെണ്ടിന്റെ നയമെന്നു് വ്യക്തമാക്കിയിട്ടുണ്ടല്ലോ.

മിസ്റ്റർ ടി. കെ. കുഞ്ഞുണ്ണൻ: ബഹുമാനപ്പെട്ട മന്ത്രി ഈ കാൎയ്യം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിട്ടുണ്ടെന്നു് പറയുന്ന സ്ഥിതിക്കു ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

CUT MOTION No. 6

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: To reduce the allotment of Rs. 1,63,634 for industries (Total) in Demand No. 35 by—Re. 1.

To impress upon the Government the necessity to use its influence with the Government of Indie & other foreign agencies to procure cement, steel iron and raw materials necessary, for private industrialists of the State, for the encouragement of indegenous industry.

സർ, നമ്മുടെ നാട്ടിലെ വ്യവസായങ്ങളെ പോഷിപ്പിക്കാൻ ഗവണ്മെൻറു് എടുക്കേണ്ടതായ നടപടികളും എന്തെല്ലാമാണെന്നു് ഗവണ്മെണ്ടിനെ അറിയിക്കുകയാണു് ഈ ഉപക്ഷേപംകൊണ്ടു ഉദ്ദേശിക്കുന്നതു് അതിനെ സംബന്ധിച്ചു—ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ള കാൎയ്യങ്ങളെ സംബന്ധിച്ചു, ഗവണ്മെൻറു് എടുക്കേണ്ട നടപടികളെ പറ്റി പറയുന്നതിനു മുമ്പായി വ്യവസായങ്ങളെ പോഷിപ്പിക്കാൻ വ്യക്തവും വിശദവുമായ പരിപാടികളെക്കുറിച്ചു് പരിചിന്തിക്കുന്നതു നന്നായിരിക്കുമെന്നും വ്യാവസായികമായി നമ്മുടെ നയം നമ്മുടെ നാട്ടിലുണ്ടാകുന്ന സാധനങ്ങളെ വാങ്ങിക്കുകയും അത്തരം സാധനങ്ങൾ ഉണ്ടാക്കുന്ന വ്യവസായശാലകളെ പോഷിപ്പിക്കുകയുമാണെന്നും പറയാതെ തരമില്ല. വ്യവസായങ്ങളെ പോഷിപ്പിക്കുകയും ഉല്പന്നങ്ങളെ വൎദ്ധിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടു മാത്രമെ ഇന്നത്തെ സാമ്പത്തികസ്ഥിതിക്കു അഭിവൃദ്ധിയുണ്ടാകാൻ പോകുന്നുള്ളൂ. നാണയപ്പെരുപ്പം തടയാനും ഉല്പന്നങ്ങളുടെ വില ചുരുക്കി സാമഗ്രികളുടെ അത്യാവശ്യം എളുപ്പത്തിൽ നിറവേറാനും വേണ്ടി ഉല്പന്നങ്ങളുടെ വൎദ്ധനവു് അത്യാവശ്യമാണു്. അങ്ങിനെ നമ്മുടെ സാധനസാമഗ്രികൾക്കു വൎദ്ധനവുണ്ടാകണമെങ്കിൽ നമ്മുടെ നാട്ടിൽ വ്യവസായങ്ങളെ വൎദ്ധിപ്പിക്കാനുള്ള

*Speech not corrected by the Hon'ble member

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങളും തൊഴിൽശാലാ ഉടമസ്ഥന്മാർക്ക് ചെയ്തുകൊടുക്കണം. ഇപ്പോൾ കേന്ദ്രഗവണ്മെണ്ടിന്റെ കീഴിൽ വ്യവസായഉടമകളും ഗവണ്മെണ്ടും തമ്മിൽ ആലോചന നടത്തിയതിന്റെ ഫലമായി വളരെ ഗുണകരമായ ഒരു പദ്ധതി വ്യവസായികമായി രൂപീകരിച്ചിട്ടുണ്ട്. അതിൽ വ്യവസായങ്ങളെ വളർപ്പിക്കാനുള്ള നിർദ്ദേശങ്ങളും അടങ്ങിയിട്ടുണ്ട്. അതുപോലെ വ്യവസായങ്ങളും നടത്തുന്നവരും മറ്റു വ്യവസായപോഷണത്തിനു പങ്കാളികളായ വിഭാഗക്കാരും ഗവണ്മെണ്ടും കൂടിച്ചേർന്നുകൊണ്ട് വ്യവസായത്തെ വളർപ്പിക്കാൻ പരിചിന്തിതമായ ഒരു നയം രൂപപ്പെടുത്തേണ്ടതു് ആവശ്യമാണ്. തൊഴിലാളികൾക്കും മറ്റു സമുദായത്തിന്റെ താഴ്ന്നപടിയിൽ നില്ക്കുന്ന ആളുകൾക്കും ഇന്നനുഭവിക്കേണ്ടിവരുന്ന ക്ലേശങ്ങൾക്കു നിവാരണമാർഗ്ഗം ആരായണമെന്നു നാം പറയുന്നു. അങ്ങിനെയുള്ള ആനുകൂല്യങ്ങളും തൊഴിൽശാലക്കാരുടെ കയ്യിൽ നിന്നോ ഗവർമ്മെണ്ടിന്റെ കയ്യിൽ നിന്നുതന്നെയോ ലഭിക്കുമാറാകണമെങ്കിൽ തൊഴിൽശാല അഭിവൃദ്ധിപ്പെടണം. തൊഴിൽശാലാ ഉടമസ്ഥന്മാർക്കും മുതലുടമകൾക്കും അതിനു വേണ്ട സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതും ആവശ്യമാണ്. തൊഴിൽശാലഉടമസ്ഥന്മാർ വ്യവസായങ്ങളിൽനിന്നും ശരിക്കു ലാഭമുണ്ടാക്കിയാൽ മാത്രമെ ഗവണ്മെണ്ടിനു് ആ വ്യവസായത്തിൽനിന്നും ആദായനികുതി തുടങ്ങിയ മറ്റു ഇനങ്ങളിൽനിന്നുള്ള വരവുണ്ടാകയുള്ളൂ. അതുകൊണ്ടു് ഗവണ്മെണ്ടിന്റെ സ്ഥിതി നന്നാകണമെങ്കിൽ, താഴ്ന്ന പടിയിലുള്ള ആളുകളുടെ സ്ഥിതി വളർപ്പിക്കണമെങ്കിൽ വ്യവസായപുരോഗതി ഉണ്ടാകണമെന്നുള്ളതു് ഒരു നാടിന്റെ സാമ്പത്തികമായ പുരോഗതിയുടെ പ്രാഥമിക തത്വം മാത്രമാണ്. ഇതു ഗവർമ്മെണ്ടു് സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു. വ്യക്തമായ പദ്ധതികൾ രൂപീകരിക്കാത്തതുകൊണ്ടാണു് വ്യവസായികമായി നമ്മുടെ രാജ്യം മുന്നോട്ടു പോകാത്തതെന്നു് ഞാൻ പറയുന്നില്ല. വ്യവസായോപകരണങ്ങൾ കിട്ടത്തക്ക സ്ഥിതി വ്യവസായഉടമകൾക്കു് ഉണ്ടാകുന്നതുകൊണ്ടു് നമുക്കു് നാട്ടിൽ വ്യവസായം വളർപ്പിക്കാൻ സൌകര്യം കിട്ടും. അസംസ്കൃതപദാർത്ഥങ്ങളുടെ നിയന്ത്രണം നിലവിലിരിക്കുമ്പോൾ വ്യവസായീകരണം ഏറ്റവും പ്രയാസമേറിയ സംഗതിയാണു്. ഗവർമ്മെണ്ടിന്റെ സ്വാധീനശക്തി ഉപയോഗിച്ചാലല്ലാതെ വ്യവസായത്തിന്നാവശ്യമായ സാമഗ്രികൾ പുറമെനിന്നും കിട്ടാനുള്ള സൌകര്യം വ്യവസായശാലകൾ നടത്തുന്ന ഉടമസ്ഥന്മാർക്കു് ഉണ്ടാകുകയില്ല. ഗവർമ്മെണ്ടിന്റെ സ്വാധീനശക്തിയുപയോഗിച്ചുകൊണ്ടു് വ്യവസായശാലഉടമകൾക്കു അസംസ്കൃതപദാർത്ഥങ്ങൾ എത്തിച്ചുകൊടുക്കുകയാണെങ്കിൽ അതു വ്യവസായശാലകളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ ഒരു വലിയ സഹായമായിരിക്കും. ഈവക കാര്യങ്ങളെങ്കിലും ഗവർമ്മെണ്ടു് തൊഴിൽശാല ഉടമസ്ഥന്മാർക്കു് ചെയ്തുകൊടുക്കുന്നതായാൽ അനവധി ആളുകളുടെ സാമ്പത്തികസ്ഥിതി ഉയർത്താനും അതുവഴി ഗവർമ്മെണ്ടിനു് ആദായം വർദ്ധിപ്പിക്കാനും നാടിനെ വ്യവസായീകരിക്കാനും സാധിക്കുന്നതാണെന്നു് ഉൽബോധിപ്പിച്ചുകൊണ്ടു് ഈ ഉപക്ഷേപം സഭമുമ്പാകെ അവതരിപ്പിക്കുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, കൊച്ചിയിൽ പ്രവൃത്തിക്കുന്ന വ്യവസായപ്രവർത്തകന്മാർക്കു ഇന്നു അവരുടെ വ്യവസായം വളർപ്പിക്കണമെങ്കിൽ ഇന്ത്യാഗവർമ്മെണ്ടിന്റെ ആനുകൂല്യംകൂടാതെ സാദ്ധ്യമല്ലെന്നുള്ള നില വന്നുചേർന്നിരിക്കുന്നു. യുദ്ധകാലത്തും അതിനു ശേഷവും പ്രവർത്തിച്ചുകൊണ്ടിരുന്ന പലവിധത്തിലുള്ള നിയന്ത്രണങ്ങൾമൂലവും ഡോളർ കിട്ടാനുള്ള ബുദ്ധിമുട്ടുകൾകൊണ്ടും വിദേശരാജ്യങ്ങളിൽനിന്നും സാമാനങ്ങൾ കിട്ടാനുള്ള ബുദ്ധിമുട്ടുകൾകൊണ്ടും ഇന്നു ഇന്ത്യയിലെ വ്യവസായപ്രവർത്തകന്മാർ വളരെ വിഷമിക്കുന്നുണ്ട്. കയറ്റുമതി, ഇറക്കുമതി മുതലായ എല്ലാ കാര്യങ്ങളിലും നിയന്ത്രണാധികാരം നടത്തുന്നതു് ഇന്ത്യാഗവർമ്മെണ്ടാണ്. അങ്ങിനെ ഒരു നില വന്നതുകൊണ്ടു് ഇന്ത്യയുടെ തെക്കേഅറ്റത്തു കിടക്കുന്ന കൊച്ചിയെപ്പോലുള്ള ഒരു ചെറിയ രാജ്യത്തിൽ പ്രവൃത്തിക്കുന്ന വ്യവസായപ്രവർത്തകന്മാർക്കും ബിസിനസ്സുകാർക്കും പലവിധത്തിലുള്ള ബുദ്ധിമുട്ടുകളെ നേരിട്ടറിയുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും കൊച്ചീരാജ്യത്തിലെ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്ന ആളുകൾക്കു് ആവശ്യമുള്ള സാധനസാമഗ്രികളും മറ്റുപകരണങ്ങളും ഉണ്ടാക്കിക്കൊടുക്കുവാൻ—ഇന്ത്യാഗവർമ്മെണ്ടിന്റെ സഹായം സമ്പാദിച്ചുകൊടുക്കുവാൻ—ഈ ഗവർമ്മെണ്ടു് സർവ്വപ്രകാരേണയും സന്നദ്ധമായിരിക്കും. ഈ നയം പ്രഖ്യാപിക്കാൻ ഒരവസരം കിട്ടിയതിൽ എനിക്കു് സന്തോഷമുണ്ട്. ഇതിനുമുമ്പും ചില്ലറ കാര്യങ്ങളിൽ ഈ രാജ്യത്തു പ്രവർത്തിക്കു

*Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ന്ന വ്യവസായികർക്കുവേണ്ടി ഇന്ത്യാഗവർമ്മെണ്ടിന്റെ അടുത്തു ഈ ഗവർമ്മെണ്ടു് പല ആവശ്യങ്ങളും ഉന്നയിച്ചിട്ടുണ്ടു്. ആ വിധത്തിൽ മേലിലും തുടരുമെന്നും ഈ രാജ്യത്തെ വ്യവസായികർക്കും വ്യവസായത്തെ വളർത്തിക്കൊണ്ടുവരുന്നതിനും എല്ലാവിധത്തിലുള്ള പ്രവർത്തനങ്ങൾക്കും ഇന്ത്യാഗവർമ്മെണ്ടിൽനിന്നും കിട്ടേണ്ട അനുകൂല്യങ്ങൾ സമ്പാദിച്ചുകൊടുക്കാൻ ഈ ഗവർമ്മെണ്ടു് പരിശ്രമിക്കുമെന്നു് ബഹുമാനപ്പെട്ട സഭയെ അറിയിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപത്തിൽ അടങ്ങിയ നയം ഗവർമ്മെണ്ടിനു് സമ്മതമാണു്.

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: ഗവർമ്മെണ്ടു് സർവ്വപ്രകാരേണയും വ്യവസായികളെ സഹായിക്കുമെന്നു പറയുന്നതിനാൽ സന്തോഷത്തോടുകൂടി ഈ ഉപക്ഷേപത്തെ പിൻവലിക്കാൻ സഭയുടെ അനുമതി അപേക്ഷിക്കുന്നു.

Motion, by leave, withdrawn.

CUT MOTION No. 7

മിസ്റ്റർ ടി. കെ. കുഞ്ഞുപിള്ളൻ: To reduce the allotment of Rs. 1,63,634 for Industries (Total) in Demand No. 35 by Re. 1 (കുടിൽവ്യവസായങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിനു് പ്ലാനിട്ടു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ഗവർമ്മെണ്ടിനെ ഉൽബോധിപ്പിക്കാൻ)

സർ, നമ്മുടെ സാമ്പത്തികഘടന ഇപ്പോൾ താറുമാറായി കിടക്കുകയാണു്. നാട്ടിൽ ദാരിദ്ര്യം ഭയങ്കരമായിട്ടുണ്ടു്. കൃഷി വളർത്തിക്കുക, വ്യവസായങ്ങൾ പോഷിപ്പിക്കുക എന്നിവയാണു് നിവാരണോപായങ്ങൾ. കൃഷി വികസിപ്പിക്കാനും കർഷകർക്കു് രക്ഷനൽകാനുമുള്ള ഒരു പദ്ധതി ഗവർമ്മെണ്ടിന്റെ പക്കലുണ്ടെന്നു് ഞങ്ങൾക്കറിയാം. വ്യവസായ വികസനത്തിനുള്ള ആലോചനകളും നടത്തുമെന്നു് വിശ്വസിക്കുന്നു. കുടിൽവ്യവസായത്തെക്കുറിച്ചു്, അതെങ്ങിനെ വികസിപ്പിക്കണമെന്നു് അന്വേഷിക്കുകയും മാർഗ്ഗങ്ങൾ ആരായുകയും ചെയ്യുന്നതിനുമുമ്പു് അതിന്റെ പ്രാധാന്യത്തേയും ആവശ്യകതയേയും കുറിച്ചു് അല്പം ചിലതു് പുണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ഗവർമ്മെണ്ടിന്റേയും സഭയുടേയും ശ്രദ്ധ അതിലേക്കു തിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നു് കൃഷിക്കുള്ള ഏറ്റവും വലിയ പരാധീനത കർഷകവൃത്തിക്കു് ആളുകൾ കുത്തിക്കയറുകയും, അതിനനുസരിച്ചു ഭൂമി വളർക്കാതിരിക്കുകയും ചെയ്യുന്നു എന്നുള്ളതാണു്. ഈ നിലക്കു മാറ്റം വരുത്തുവാൻ വ്യവസായവല്ക്കരണംകൊണ്ടു മാത്രമെ സാധിക്കുകയുള്ളൂ. അതിനെക്കുറിച്ചു് പലരും ഇവിടെ സംസാരിച്ചുകഴിഞ്ഞു. അവയെല്ലാം വൻകിട വ്യവസായങ്ങളെ കുറിച്ചാണു്. വൻകിട വ്യവസായങ്ങൾ വികസിപ്പിക്കുന്നതുകൊണ്ടുമാത്രം നാട്ടിലെ തൊഴിലില്ലായ്മയും, പട്ടിണിയും തീർക്കുവാൻ സാധിക്കയില്ല. നമ്മുടെ നാട്ടിൽ ജനപ്പെരുപ്പം അത്രക്കുണ്ടായിട്ടുണ്ടു്. വൻകിട വ്യവസായങ്ങളെ വളർത്തിച്ചതുകൊണ്ടു് ജനങ്ങൾക്കു മുഴുവൻ തൊഴിലുണ്ടാക്കാൻ സാധിക്കുകയില്ല. നമ്മുടെ നാട്ടിലെ വ ൦ ശതമാനം ജനങ്ങളും ഭൂമിയെ ആശ്രയിച്ചു ജീവിക്കുന്നവരാണു്. വൻകിട വ്യവസായം വളർത്തിക്കുന്നതുകൊണ്ടു് ഇത്രവലിയ ജനവിഭാഗത്തെ വ്യവസായത്തിലേക്കു തിരിച്ചുവിടാൻ സാദ്ധ്യമല്ല. കൃഷിവികസനം സാധിക്കണമെങ്കിൽ, ആ തൊഴിലിൽനിന്നു വലിയൊരു ഭാഗത്തെ നിവർത്തിപ്പിക്കണം. അതോടുകൂടുമ്പോൾ തൊഴിലില്ലായ്മ പരിഹരിക്കുവാൻ കുടിൽ വ്യവസായങ്ങളെ പോഷിപ്പിക്കുകയെ മാർഗ്ഗമുള്ളൂ എന്നു കാണാം. താഴെകൊടുക്കുന്ന ചില കണക്കുകളെ കൊണ്ടു് അതു് കാണുവാൻ സാധിക്കും. ഫസ്റ്റ് ഫൈവ് ഇയർ പ്ലാൻ അവസാനിക്കുന്ന ന. ൦ കൊല്ലങ്ങൾക്കുള്ളിൽ വൻകിട വ്യവസായങ്ങൾ —അതായതു് വലിയ യന്ത്രങ്ങൾ ഉപയോഗിച്ചു് നടത്തുന്ന വ്യവസായങ്ങൾ—നാലു് ഇരട്ടിച്ചു. വ്യവസായങ്ങൾ നാലു് ഇരട്ടിയായപ്പോൾ വ്യവസായശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം ആ തോതനുസരിച്ചു് വളർന്നില്ല. ആദ്യത്തെ പത്തുകൊല്ലക്കാലത്തിനിടക്കു് ൪½ ശതമാനം മാത്രം വളർന്നു. ന. ൦ കൊല്ലം കഴിഞ്ഞപ്പോൾ വളർന്നവു് ൮൨ ശതമാനമായി താഴ്ന്നു. യന്ത്രങ്ങൾ മനുഷ്യപ്രയത്നത്തെ ലഘൂകരിക്കുന്നതുകൊണ്ടു് വൻകിട വ്യവസായങ്ങൾ വളർക്കുമ്പോൾ മനുഷ്യയത്നത്തിന്റെ ആവശ്യം കുറയുന്നു. നമ്മുടേതുപോലെ ജനപ്പെരുപ്പവും, വളർച്ച തൊഴിലില്ലായ്മയും ഉള്ള നാട്ടിൽ വൻകിടവ്യവസായങ്ങൾ കണക്കറ വളർത്തിക്കൂടുക. അതു് തൊഴിലില്ലായ്മ പിന്നേയും വളർപ്പിക്കുകയെ ഉള്ളൂ. വലിയ വ്യവസായങ്ങൾക്കു് വലിയ മുതലിറക്കു് ആവശ്യമാണു്. നമ്മുടെ നാടിനെപോലെ ദരിദ്രമായ ഒരു നാടിനു മുത

LIBRARY ARCHIVES Kerala Legislative Assembly

ലിറക്കാനുള്ള കഴിവു പരിമിതമാണു്. എന്നു തന്നെയല്ല ഗവണ്മെണ്ടുഭാഗത്തുനിന്നു് ഒന്നിലധികം പ്രാവശ്യം പ്രസ്താവിച്ചു നമുക്കു് വ്യവസായവൽക്കരണത്തിനു് പരാധീനതയുണ്ടെന്നു്. യന്ത്രസാമഗ്രികൾ കിട്ടുവാൻ നാം അന്യരെ ആശ്രയിക്കണം. മറ്റു പരാധീനതകളുമുണ്ടു്. അതുകൊണ്ടു് കുടിൽവ്യവസായങ്ങളെ സംഘടിപ്പിച്ചു് അവയെ പോഷിപ്പിക്കുന്നതായിരിക്കും നല്ലതു്. അതൊരവശ്യമാണു്. അതുകൊണ്ടു് ഈവഴിക്കു് ഗവണ്മെണ്ടിന്റെ ശ്രദ്ധ തിരിയുന്നതു നന്നായിരിക്കും.

മിസ്റ്റർ സി. സി. പ്രസാദ്: സർ, ഇന്നു് ലോകത്തിൽ എവിടെയും സാമ്പത്തിക അധഃപതനത്തിൽനിന്നു് ഉൽഭൂതമായ ദാരിദ്ര്യത്തിന്റെ ഫലമായി ജനങ്ങൾ കേവലം യന്ത്രങ്ങളുടെ ഉപകരണങ്ങൾ മാത്രമായിത്തീർന്നിരിക്കുന്നു. യാന്ത്രികമായിട്ടുള്ള വ്യവസായങ്ങളെ അധഃപതിപ്പിക്കണം, അല്ലെങ്കിൽ വികസിപ്പിക്കരുതു് എന്നല്ല ഞാൻ ഉന്നയിക്കുന്നതു്. ഇവിടെ കുടിൽവ്യവസായങ്ങൾ ഗവണ്മെണ്ടു് പ്രചരിപ്പിക്കേണ്ടതായിരുന്നു. കുടിൽവ്യവസായങ്ങൾ പരമ്പരയായി ചെയ്തുവരുന്ന ഒരു തൊഴിലായിട്ടുള്ള ചില സമുദായക്കാർ ഉണ്ടു്. എന്നാൽ അതിനുള്ള ഉപകരണങ്ങൾ ക്രമാതീതമായില്ലാതെ, വലയുന്ന സമുദായങ്ങളാണു് ഏറ്റവും അധഃപതിച്ചിരിക്കുന്നതു്. അതായതു് കമ്പാരന്മാർ (കശവർ) ചട്ടി, കലം മുതലായവ ഉണ്ടാക്കുന്ന ആളുകൾ അവക്കു്—അത്യാവശ്യമായ വിറകുകിട്ടാനില്ല. അഥവാ കിട്ടുണമെങ്കിൽ വലിയ വില കൊടുക്കേണ്ടിവരുന്നുണ്ടു്. കളിമണ്ണു് അന്യന്റെ ഭൂമിയിൽനിന്നും എടുക്കേണ്ടിവരുന്നു. അതുകൊണ്ടു് അവക്കു് അവരുടെ കുലത്തൊഴിൽ മുന്നോട്ടു കൊണ്ടുപോകാൻ വിഷമം നേരിടുന്നുണ്ടു്. ഞാൻ പ്രതൃകിച്ചു് പ്രതിനിധീകരിക്കുന്ന സാമ്പവസമുദായത്തിന്റെ കുലത്തൊഴിലാണു് കൊട്ട, പനമ്പു് മുതലായ സാധനങ്ങൾ ഉണ്ടാക്കുക എന്നുള്ളതു്. അതിനുപയോഗിക്കുന്ന മുള മുതലായ സാധനങ്ങൾ കിട്ടാനില്ല. മുള മുതലായ സാധനങ്ങൾ വാങ്ങിക്കുന്നതിനു് വലിയ വിലകൊടുക്കേണ്ടിവരുന്നുണ്ടു്. ചില കാടുകളിൽനിന്നും ഒരു ചുമട്ടു് വീതം കൊണ്ടുവരാൻ ഗവണ്മെണ്ടു് അനുവദിച്ചിട്ടുണ്ടു്. അതിനും പ്രത്യേക ലൈസൻസു് വേണം. ഒരു ചുമട്ടു് അനുവദിച്ചാൽ അതുകൊണ്ടു് രണ്ടുദിവസത്തെ പണിമാത്രമെ നടക്കുകയുള്ളു. അതുകഴിഞ്ഞാൽ പിന്നെയും കാട്ടിൽ പോകണം. ഇങ്ങിനെയുള്ള ആളുകളുടെ തൊഴിൽ കൂടുതൽ പോഷിപ്പിക്കാൻ വേണ്ടി ഗവണ്മെണ്ടു് എന്തെങ്കിലും ധനസഹായം കോ-ഓപ്പറേറീവു് ബേസിസ്സിലെങ്കിലും ചെയ്തുകൊടുക്കേണ്ടതാണു്. അതുകൊണ്ടു് സാമ്പത്തികമായി കുറെ ആളുകൾക്കു് ഉയരുവാൻ സാധിക്കും. ഇങ്ങിനെ കുടിൽവ്യവസായങ്ങളെ ആശ്രയിച്ചു് ജീവിക്കുന്ന ആളുകൾ യാന്ത്രികോപകരണങ്ങളായി കഴിഞ്ഞുകൂടാൻ അനുവദിക്കാതിരിക്കണം. യാന്ത്രികോപകരണങ്ങളായി കഴിഞ്ഞുകൂടുന്ന തൊഴിലാളികൾ യന്ത്രങ്ങൾ ഉണ്ടാകുന്ന കാലം വരെ എങ്ങിനെ ജീവിക്കും. അവക്കുവേണ്ടിയാണു് ഗവണ്മെണ്ടു് മിനിമം വേജസ് ബില്ലു് (Minimum Wages Bill) കൊണ്ടുവരേണ്ടതു്. കുടിൽ വ്യവസായങ്ങളെ സംബന്ധിച്ചു് രണ്ടുവാക്കു് പറയുവാൻ ഇടയാക്കിയ ഇവക്കു് കുടിൽവ്യവസായ ബേസിസ്സിൽ (basis) തന്നെ ധനസഹായം ചെയ്തു ആവക തൊഴിലാളികളെ മുന്നോട്ടു കൊണ്ടുവന്നു് സാമ്പത്തികമായി അഭിവൃദ്ധിപ്പെടുത്തണമെന്നു് പ്രത്യേകം അഭ്യർത്ഥിക്കുകയും, ഈ ഉപക്ഷേപത്തെ അനുകൂലിക്കുകയും ചെയ്യുന്നു.

* മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, നമ്മുടെ നാട്ടിൽ ഒരു വലിയ ശതമാനം ജനങ്ങൾ കർഷകവൃത്തികൊണ്ടു് ഉപജീവനം കഴിച്ചുപോരുന്ന ആളുകളാണു്. അങ്ങിനെയുള്ള ജനങ്ങൾക്കു് അവരുടെ സാമ്പത്തികസ്ഥിതി ഉയർത്താൻ കുടിൽ വ്യവസായങ്ങൾ അനുപേക്ഷണീയമാണെന്നു് എടുത്തുപറയേണ്ട കാര്യമില്ല. കൊച്ചിയിൽ മാത്രമല്ല ഇന്ത്യയിൽ എങ്ങും സാമ്പത്തികമായ ഉന്നമനത്തിന്റെ കാര്യത്തിൽ കുടിൽവ്യവസായങ്ങൾക്കു് ഒരു നല്ല പങ്കു് വഹിക്കാനുണ്ടു്. വ്യവസായ കാര്യങ്ങളിൽ വലിയ വലിയ യന്ത്രങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ വന്നാലും കുടിൽവ്യവസായങ്ങൾക്കുള്ള അതേസ്ഥാനംതന്നെ അതിനു് രാജ്യത്തിന്റെ സാമ്പത്തികപരിപാടിയിലുമുണ്ടാകും. അത്രയും സുപ്രധാനമായ ഒന്നാണു് കുടിൽവ്യവസായം. അതു് പരിപോഷിപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെണ്ടു് അനാസ്ഥ കാണിക്കുന്നുവെന്നു പറയുന്നതു് ശരിയല്ല. ഇപ്പോൾതന്നെ പല കുടിൽവ്യവസായങ്ങളെയും ഗവണ്മെണ്ടു് പോഷിപ്പിക്കാനുള്ള പരിശ്രമം ചെയ്തുവരുന്നുണ്ടു്. ഇത്രവണത്തെ

* Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ബഡ്ജറിൽതന്നെ ഖദർവ്യവസായത്തെ പോഷിപ്പിക്കാൻ ൪൦,൦൦൦ ഉറുപ്പിക കൊള്ളിച്ചിട്ടുണ്ടെന്നു് ബഹുമാനപ്പെട്ട ഈ സഭാംഗങ്ങളുടെ ശ്രദ്ധയിൽ പെട്ടിരിക്കും. പല സഹകരണസംഘങ്ങളേയും കുടിൽവ്യവസായം നടത്താൻ ഗവണ്മെണ്ടു് സഹായിക്കുന്നുണ്ടു്. ഇനിയും ഇതുപോലെ പരിശ്രമങ്ങളെ സഹായിക്കാൻ ഗവണ്മെണ്ടു് ഉത്സാഹിക്കുന്നതാണു്. ഗവണ്മെണ്ടിന്റെ സകലവിധത്തിലുള്ള ആനുകൂല്യങ്ങളും, കുടിൽവ്യവസായങ്ങളെ പോഷിപ്പിക്കുന്നതിനുവേണ്ടി ചെയ്യുവാൻ ഒരുക്കമാണു്.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: ഗവണ്മെണ്ടിന്റെ അനുകൂലമായ മറുപടിയനുസരിച്ചു ഈ ഉപക്ഷേപം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുന്നു.

Motion, by leave, withdrawn

Cut Motion No. 8 not moved

CUT MOTION No. 9

മിസ്റ്റർ എം. ഐ. പോൾ: To reduce the allotment of Rs. 1,63,634 for Industries (Total) in Demand No. 35 by—Re. 1.

(To impress upon the Government the dire necessity for the Development of Industries in the State.)

സർ, ഇവിടെ ഈ സംഗതിയിൽ അത്യാവശ്യമായ രണ്ടു പ്രശ്നങ്ങളാണു് നമ്മുടെ മുമ്പാകെ നില്ക്കുന്നതു്. വ്യവസായങ്ങളും വളർത്തിപ്പിച്ചു് തൊഴിലില്ലായ്മയെ പരിഹരിക്കുക അതിക്ഷ്യാല്പാദനത്തെ സംബന്ധിച്ചു ഗവർമ്മെണ്ടു് വിജയപ്രദമായ നടപടികളും എടുക്കുക. പലതരത്തിലുള്ള വ്യവസായങ്ങളും ഇല്ലായ്മയാൽ നമ്മുടെ രാജ്യത്തു ദിനംപ്രതി വളർന്നുവരുന്ന തൊഴിലില്ലായ്മയെ പരിഹരിക്കാൻ ഗവർമ്മെണ്ടു് അനാസ്ഥകാണിക്കുന്നുണ്ടു്. വൻകിട വ്യവസായങ്ങളും ഇവിടെ വളർത്തിപ്പിക്കണം. അതിനുവേണ്ട സഹായസഹകരണങ്ങളും ചെയ്യണമെന്നു ഗവർമ്മെണ്ടിനോടു ആവശ്യപ്പെടുമ്പോൾ നമ്മുടെ മരാമത്തുമന്ത്രി പറയും പെരിങ്ങൽകുത്തു പണി പൂർത്തിയാകുന്നപക്ഷം ധാരാളം കറൻറു നമുക്കാവശ്യംപോലെ കിട്ടുമെന്നു്.

മിസ്റ്റർ കെ. അയ്യപ്പൻ: പൊതുമരാമത്തുമന്ത്രിയുടെ കായ്മല്ലെല്ലോ വ്യവസായം വളർത്തിപ്പിക്കൽ.

മിസ്റ്റർ എം. ഐ. പോൾ: എനിയ്ക്കു് ഈ അവസരത്തിൽ ഗവർമ്മെണ്ടിനെ ഉൽബോധിപ്പിക്കാനുള്ളതു് ഇതാണു്. പലരും പല കായ്ങ്ങളെസംബന്ധിച്ചു സംസാരിച്ചു. ഇപ്പോൾ ഒരുലക്ഷത്തി എഴുപതിനായിരം ഉറുപ്പിക ചിലവുചെയ്തു് ഏർപ്പെടുത്തിയ ഒരു പൗവ്വർഹൗസ്സു് (Power house) നമ്മുടെ നാട്ടിലുണ്ടു്. അതിൽനിന്നും കിട്ടുന്ന കറൻറു (Current) കൊണ്ടു് നടത്താവുന്ന വ്യവസായങ്ങളും നടത്തിക്കൂടെ? പെരിങ്ങൽകുത്തു് പദ്ധതി പൂർത്തിയായാൽ വൻകിടവ്യവസായങ്ങളും ഉണ്ടാക്കാമെന്നു പറയുന്ന ഗവർമ്മെണ്ടു് ലക്ഷത്തിൽ ചിലപാനം ഉറുപ്പിക ചിലവുചെയ്യുപണത്തിനു മറേറതെങ്കിലും വ്യവസായം തുടങ്ങാമായിരുന്നു. കൂടാതെ ഇങ്ങിനെയുള്ള വ്യവസായം തുടങ്ങണമെങ്കിൽ ഇന്ത്യാഗവർമ്മെണ്ടിന്റെ ആനുകൂല്യം വേണം; അതോടൊപ്പംതന്നെ നമ്മുടെ ഗവർമ്മെണ്ടു് വ്യവസായങ്ങളെ പോഷിപ്പിക്കാൻ വേണ്ടതു ആനുകൂല്യങ്ങളും ചെയ്തുകൊടുക്കാൻ സന്നദ്ധമാണു് എന്നു പറഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. ഇപ്പോൾ കൊച്ചിൻ കെമിക്കൽ ഇൻഡസ്ട്രീസു് എന്നൊരു വ്യവസായം വൈറിലയിൽ നടക്കുന്നുണ്ടു്. അതിന്റെ പ്രവർത്തകന്മാർ ഗവർമ്മെണ്ടിനോടു ആനുകൂല്യങ്ങളും ചെയ്തതരണമെന്നാവശ്യപ്പെട്ടപ്പോളും ഗവർമ്മെണ്ടു് ചെയ്തുകൊടുത്തില്ല. അതിന്റെ പ്രവർത്തകന്മാർ നേരിട്ടുകണ്ടു് എന്നോടു പറഞ്ഞു. ഈ വ്യവസായം അവർക്കു തിരുവിതാംകൂറിൽ കൊണ്ടുപോയി നടത്താൻ ഉദ്ദേശമുണ്ടായിരുന്നു. ആ ഗവർമ്മെണ്ടു് എന്തെങ്കിലും ചെയ്യാമെന്നു് വാഗ്ദാനം ചെയ്തിരുന്നു. എന്നാലും കൊച്ചിയിൽതന്നെ നടത്തണം; ഗവർമ്മെണ്ടു് അതിനെ സഹായിക്കുമെന്നുള്ളഉറപ്പോടുകൂടിയാണു് ഇവിടെ തുടങ്ങിയതു്. പക്ഷെ ഭാഗ്യവശാലോ നിർഭാഗ്യവശാലോ നമ്മുടെ ഗവർമ്മെണ്ടിനു അതിനു എന്തെങ്കിലും സഹായം ചെയ്യണമെന്നുള്ള മനസ്ഥിതി തോന്നുകയുണ്ടായില്ല. കൊച്ചിൻ കെമിക്കൽ ഇൻഡസ്ട്രീസിനു യാതൊരു ആനുകൂല്യവും ചെയ്തുകൊടുത്തില്ല. എനിക്കു അവസാനമായി പറയാനുള്ളതു് ഈ പൗവ്വർഹൗസ്സു് (Power house) ഉപയോഗിച്ചെങ്കിലും അടുത്തകാലത്തുതന്നെ വ്യവസായത്തെ വളർത്തിപ്പിക്കാൻ ശ്രമിക്കണമെന്നാണു്. അതു ഗവർമ്മെണ്ടു് ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ ഉപക്ഷേപത്തെ ഇവിടെ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

* മിസ്റ്റർ പി. ഗോവിന്ദമേനോൻ. സർ, കൊച്ചിയിൽ വ്യവസായങ്ങൾ പരിപോഷിപ്പിക്കുക എന്നതാണ് ഗവണ്മെന്റിന്റെ നയം. ഈ രാജ്യത്തു ഏതെങ്കിലും വിധത്തിലുള്ള ഒരു പുതിയ വ്യവസായം തുടങ്ങുവാൻ ആരെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ സകലവിധത്തിലുള്ള ആനുകൂല്യങ്ങളും ചെയ്തുകൊടുത്തു അവരെ ഗവണ്മെന്റ് സഹായിക്കുന്നതാണ്. മറിച്ചു ഒരു ധാരണ ബഹുമാനപ്പെട്ട മെമ്പർക്കുണ്ടെങ്കിൽ അതു തെറ്റാണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ബഡ്ജറ്റിൽ തന്നെ ചാലക്കുടിയിൽ ഒരു വുഡ് വർക്ഷാപ്പ് തുടങ്ങുവാൻ വകകൊള്ളിച്ചിട്ടുള്ള സംഗതി ബഹുമാനപ്പെട്ട മെമ്പർ ധരിച്ചിരിക്കും. അടുത്തുതന്നെ ഇന്ത്യാഗവണ്മെന്റ് കൊച്ചിയിൽ ഒരു പഞ്ചസാരവ്യവസായം തുടങ്ങുവാൻ മെഷിനറി (Machinery അലോട്ട് allot) ചെയ്തിട്ടുണ്ട്. ചിറയൻകീഴാലുക്കിലാണ് അതു പ്രവർത്തിക്കുവാൻ പോകുന്നതു്. നമ്മുടെരാജ്യത്തു് ഇതു ഒരു പുതിയ വ്യവസായമായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കൊച്ചിൻ കെമിക്കൽ ഇൻഡസ്ട്രീസിനെപ്പറ്റി പറഞ്ഞു. അതിനെസംബന്ധിച്ചു എന്തെങ്കിലും ആനുകൂല്യമോ സഹായമോ വേണമെന്നു് നിവേദനംകിട്ടിയതായി ഞാൻ ഓർക്കുന്നില്ല. അതുകൊണ്ടു് നിവേദനമുണ്ടായാൽ ചെയ്യുമെന്നല്ല അർത്ഥം. എന്തു് ആനുകൂല്യമാണ് ഗവർമ്മെണ്ടിൽനിന്നും കിട്ടേണ്ടതെന്നു നോക്കി ഗവർമ്മെണ്ടിന്റെ കഴിവനുസരിച്ചുള്ള പരിമിതികൾക്കകത്തു് നിന്നുകൊണ്ടു് ചെയ്യാവുന്ന സകലവിധ ആനുകൂല്യങ്ങളും ചെയ്യുവാൻ ഗവർമ്മേണ്ടൊരുക്കമുണ്ടു്. ഈ ഉപക്ഷേപത്തിൽ ആവശ്യപ്പെട്ടകാര്യം—വ്യവസായങ്ങൾ വളർത്തിക്കണമെന്നുള്ളകാര്യം—ഗവർമ്മെണ്ടിനു ബോദ്ധ്യപ്പെട്ടതനുസരിച്ചു സകലവിധത്തിലുള്ള നിലയും അവലംബിക്കുന്നതാണെന്നു ഗവർമ്മെണ്ടു് ഉറപ്പുനല്കുന്നു.

മിസ്റ്റർ എം. ഐ. പോൾ. മന്ത്രി അവർകൾ ഉറപ്പുപറയുന്നതു ഞാൻ വിശ്വസിക്കുന്നു. പക്ഷെ ഒരു കാര്യം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു; ഒരുലക്ഷത്തി എഴുപതിനായിരം ഉറുപ്പിക ചിലവുചെയ്ത പവർ ഹൗസ്സ് ഉപയോഗിച്ചു് ഇന്നെന്തെല്ലാം ചെയ്യുവാൻ സാധിക്കും?.

മിസ്റ്റർ പി. ഗോവിന്ദമേനോൻ. പവർ ഹൗസ്സ് ഉപയോഗിച്ചു ഗവർമ്മെണ്ടിൽനിന്നും വ്യവസായംനടത്താനുള്ള സാമ്പത്തികം നമുക്കില്ല. ഈ പവ്വർഹൗസ്സ് ഉപയോയിച്ചു ഗവണ്മെണ്ടിനു് എന്തെങ്കിലും വ്യവസായം തുടങ്ങുവാൻ സാധിക്കുമോ എന്നു് പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ടാണ് മറുപടി പറയാത്തതു്. പവ്വർഹൗസ്സ് എലക്ട്രിക്ക് സപ്ലൈ കൊടുക്കുന്നകാര്യത്തിൽ ഉപയോഗിച്ചാൽ അതുകൊണ്ടു് ഉപയോഗപ്രദമായ ഫലം ഉണ്ടാകുമെങ്കിൽ അങ്ങിനെ എന്തെങ്കിലും ചെയ്യാം. അതു് ഉപയോഗപ്രദമാകുമോ എന്നു പറയുവാനുള്ള സാങ്കേതികപരിജ്ഞാനം എനിക്കില്ല.

മിസ്റ്റർ എം. ഐ. പോൾ: ഈ പവ്വർ ഹൌസ് ഉപയോഗിച്ചു് വേറെ എന്തെങ്കിലും കാര്യം നടത്താമോ?

*മിസ്റ്റർ കെ. അയ്യപ്പൻ: ഈ പവ്വർ ഹൌസ് പവ്വർ ഡിസ്ട്രിബ്യൂഷനെ സംബന്ധിച്ചിടത്തോളം ഗവണ്മെണ്ടിന്റെ കയ്യിൽ ഇരിക്കേണ്ടതാവശ്യമാണെന്നുള്ള ഉദ്ദേശത്തോടുകൂടി വെച്ചിരിക്കുകയാണ്. തുടർച്ചയായി വർക്ക് ചെയ്യണമെങ്കിൽ ഇനിയും ചില പ്ലാൻസുകൂടി അതിനു വെക്കേണ്ടിവരും.

Mr. C. V. Iyyu *(Kunnamkualm)*: On a point of information, Sir, when was this Power House purchased?

മിസ്റ്റർ കെ. അയ്യപ്പൻ: ഈ കൊല്ലത്തിനു മുമ്പാണ്. അതു വാങ്ങിയതിനെപ്പറ്റി വല്ല സംശയവുമുണ്ടെങ്കിൽ അതിന്റെ ആലോചന വന്നപ്പോൾ വേണ്ടിടത്തോളം കരുതലുകൂടി ചെയ്താണ് എടുത്തതു്. അതു വാങ്ങുന്ന കാലത്തു ഞാനായിരുന്ന മന്ത്രി. എല്ലാവരേയും വിളിച്ചുവരുത്തി ആലോചിച്ചശേഷമാണ് വാങ്ങിച്ചതു്.

Mr. Joseph Mundassery *(Aranattukara)*: Was the machinery in this in a broken condition when it was purchased?

Mr. President: That was answered in the morning.

*മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഈ പവ്വർ ഹൌസിലുള്ള എല്ലാ എഞ്ചിൻസും ഒരേ സമയത്തു വർക്കുചെയ്യുവാൻ സാദ്ധ്യമല്ല. ചിലതു റിപ്പയർ ചെയ്യേണ്ടതുണ്ടു്. അതിനു

*Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. Ikkanda Warriar]

കറെ സ്റ്റെയർ പാട്ട്സ് കിട്ടേണ്ടതായിട്ടുണ്ട്. ഇതിൽനിന്ന 8 0 0 KW കറൻറ കിട്ടമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇപ്പോൾ ന 0 0, ര 0 0 KW കറൻറെ കിട്ടുകയുള്ളു. എന്നാൽ അതും സ്ഥിരമായിട്ട കിട്ടുവാൻ സാദ്ധ്യമല്ല. സ്റ്റെയർ പാട്ട്സ് കിട്ടുന്നില്ല. അതു കിട്ടുന്നതാണെങ്കിൽ കുറച്ചു കൂടി പവ്വർ നമുക്ക കിട്ടുവാൻ സാധിക്കും. അതെല്ലാം കിട്ടിയാലേ എത്ര പവ്വർ നമുക്ക കിട്ടുമെന്ന പറയാൻ സാദ്ധ്യമുള്ളു. അതിന്ന തരമില്ലാത്തതുകൊണ്ടാണ് ഗവമ്മെണ്ടിന്ന തീർച്ച പറയുവാൻ ധൈര്യമില്ലാത്തത്. ഫ ഫ ഫ 0 ലാണ് അതു സ്ഥാപിച്ചതു്. യുദ്ധകാലത്തു ഓവർ വർക്കുചെയ്തിട്ടുണ്ട്. ചില സ്റ്റെയർ പാട്ട്സ് വെച്ചാൽ അതു നല്ലവണ്ണം വർക്കുചെയ്യും. അതു കിട്ടുന്നതിനു ഗവമ്മെണ്ടു് ശ്രമം ചെയ്യുവരുന്നുണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: സർ, ഗവമ്മെണ്ടു പറഞ്ഞിട്ടുള്ള ഉറപ്പുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നുണ്ടെങ്കിലും അനുദിനം വഷളായിവരുന്ന തൊഴിലില്ലായ്മയെ പരിഹരിക്കത്തക്കവണ്ണം ഗവമ്മെണ്ടു വ്യവസായപരമായി എന്തെങ്കിലും പ്രവൃത്തിക്കാത്തപക്ഷം നമ്മുടെ ഭാവി എന്തായിരിക്കുമെന്നു് എനിക്ക വലുതായ സംശയമുണ്ടു്. ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

CUT MOTION No. 10

മിസ്റ്റർ കെ. എ. അച്യുതൻ: To reduce the allotment of Rs. 1,63,634 for Industries in Demand No. 35 by Re. 1. *(To impress upon the Government the necessity of establishing a number of Coir mat factories in the State especially in the Vaypeen area and also to regulate the price of soaked husk).*

സർ, രാജ്യത്തു പല സ്ഥലങ്ങളിലും ദൈനംദിനം വഷളായിവരുന്ന തൊഴിലില്ലായ്മക്കും പട്ടിണിക്കും ദാരിദ്ര്യത്തിനും ഒരു പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി, പ്രത്യേകിച്ചു് തൊഴിലില്ലായ്മ വളരെ അധികം വഷളായിരിക്കുന്ന വൈപ്പിൻകരയിൽ ഒന്നരണ്ടു കയർ ഫാക്ടറികളും സ്ഥാപിക്കണമെന്ന ബഹുമാനപ്പെട്ട ഗവമ്മെണ്ടിനോടു് അപേക്ഷിക്കുവാനായിട്ടാണു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു്. കൊച്ചീരാജ്യത്തിലെ കടൽത്തീരത്തിലും കായൽത്തീരത്തിലും പ്രത്യേകിച്ചു് വൈപ്പീൻ കരയിൽ താമസിക്കുന്ന സാമാന്യജനങ്ങളുടെ ഒരു ജീവിതമാർഗ്ഗമായ കയർ, ചകിരി മുതലായ വ്യവസായങ്ങളും ചീഞ്ഞ മടലിൻെറ വില നിയന്ത്രിക്കാത്തതുകൊണ്ടു് വളരെ അധഃപതിച്ചു കിടക്കുകയാണു്. ആ വ്യവസായം ഉയർത്തിക്കൊണ്ടുവരണമെങ്കിൽ ഗവമ്മെണ്ടിൻെറ സഹായം അത്യാവശ്യമാണു്. ഇന്നു വെളുപ്പിന്നു മൂന്നുമണി മുതൽ എതാണ്ടു് വൈകുന്നേരം ര മണിവരെ ജോലി ചെയ്യാൽ,—"പുറകോട്ട നാടകം" എന്നാണു് അതിന്ന തെങ്ങളുടെ നാട്ടിൽ കളിയാക്കി പറയുന്നതു്—ചകിരിയുടെ ഒരു കെട്ടും പിടിച്ചുകൊണ്ടു് കരപിരി വാട്ടി അത്രയും സമയം ജോലി ചെയ്യാൽ ഒരാൾക്കു് ഫ ക. ങ ണ. യാണു് കൂലി കിട്ടുന്നതു്. ഇത്രയും കൂലി കുറയുന്നതിനുള്ള പ്രധാന കാരണം ചീഞ്ഞ മടലിൻെറ ഉടമസ്ഥന്മാർ ചെയ്യുന്ന അക്രമമാണു്. കയറിൻെറ വില ഏതു തരത്തിൽ പോകുന്ന എന്നു നോക്കാതെ അവൻെറ ലാഭവും വേലക്കാരൻെറ കൂലിയും കൂടി വിലവെച്ചുകൊണ്ടാണു് മടലിനു വിലവെക്കുന്നതു്. അതുകൊണ്ടു് ഗവമ്മെണ്ടു് മടലിൻെറ വില നിയന്ത്രിക്കുവാൻ നോക്കണം. അതോടുകൂടി ഇവിടെയുണ്ടാക്കുന്ന കയറിനു പുറംരാജ്യങ്ങളിൽ വിപണികളും കണ്ടുപിടിക്കുവാനും ഗവമ്മെണ്ടു പരിശ്രമിക്കേണ്ടതാണു്. കയറു് ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങളും ധാരാളമായി നടത്തുന്നതായാൽ, അനേകം പേർക്കു് ജോലിയുണ്ടാകുന്നതാണു്. അങ്ങിനെയുള്ള ജോലികളും നടത്തുന്നതിനു് കയറുപായ മുതലായവയുണ്ടാക്കുന്ന വ്യവസായശാലകളും വൈപ്പിൻ കരയിൽ സ്ഥാപിക്കണം. അതിനു ധനകാര്യമന്ത്രി കഴിയുന്നവിധത്തിൽ പരിശ്രമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. കടൽവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയുന്നതൊക്കെ ചെയ്യുന്നതാണെന്നു് ബഹുമാനപ്പെട്ടധനകാര്യമന്ത്രി ആവർത്തിച്ചാവർത്തിച്ചു പറയുകയുണ്ടായി. ഇതു് ഒരു കടൽവ്യവസായവും കൂടിയാകയാൽ ധനകാര്യമന്ത്രിയുടെ ശ്രദ്ധ പ്രത്യേകം ഈ കാര്യത്തിൽ പതിയുമെന്നു പ്രത്യാശിച്ചുകൊണ്ടു് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, മടലിന്റെ വില നിയന്ത്രിക്കേണ്ട കാര്യത്തെപ്പറ്റി പെട്ടെന്ന് അനുകൂലമായ ഒരു മറുപടി പറയുവാൻ സാദ്ധ്യമല്ല. മടലിന്റെ വില നിയന്ത്രിക്കുകയാണെന്നുണ്ടെങ്കിൽ അതിനെക്കുറിച്ച് ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങളും എന്തെല്ലാമാണെന്നും അതു് ഏതെല്ലാം വിധത്തിലാണ് കേരകർഷകരേയും തൊഴിലാളികളേയും ഈ വ്യവസായത്തേയും ബാധിക്കുകയെന്നും അറിയാതെപെട്ടെന്ന് ഒരു മറുപടി പറയുവാൻ സാദ്ധ്യമല്ല. കയർവ്യവസായം പോഷിപ്പിക്കുന്നതിനു മടലിന്റെ വില നിയന്ത്രിക്കേണ്ടതു് എത്രകണ്ട് ആവശ്യമാണെന്നും എനിക്ക് ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല. മടലിന്റെ വ്യവസായകാര്യം കേരളക്കര മുഴുവനും—തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും എല്ലാം—ബാധിക്കുന്ന ഒന്നായതുകൊണ്ട് നാം ഈ ചെറിയ കൊച്ചിയിൽ മാത്രം മടലിന്റെ വില നിയന്ത്രിക്കുന്നതിനു് ഒരു സംരംഭം തുടങ്ങുകയാണെങ്കിൽ അതിൽനിന്ന് എന്തെല്ലാമാണുണ്ടാകുകയെന്നും പറയുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഈ കാര്യം നടപ്പിൽവരുത്താമെന്നു പറയുവാൻ സാദ്ധ്യമല്ല. അതു വിട്ട് മറ്റൊരു കാര്യം ഇതിലുള്ളതു് വൈപ്പിൻകരയിലെ കയർവ്യവസായത്തെ പ്രോത്സാഹിപ്പിക്കേണ്ട കാര്യമാണ്. അതിനെപ്പറ്റിയൊക്കെ ഇവിടെ പറഞ്ഞുകഴിഞ്ഞതിട്ടുള്ളതുകൊണ്ട് അതു പിന്നെയും ഇവിടെ എടുത്തു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇതാണ് ഗവൺമെണ്ടിന്റെ നില.

മിസ്റ്റർ കെ. എ. അച്യുതൻ: സർ, മടലിന്റെ വില നിയന്ത്രിക്കുവാൻ വിഷമമുണ്ടെന്നും അതിന്റെ ഫലമായി പല പ്രത്യാഘാതങ്ങളുമുണ്ടാകുമെന്നും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ ആ കാര്യം ചെയ്യണമെന്നു നിർബ്ബന്ധിക്കുന്നില്ല. വൈപ്പിൻകരയിലുള്ള കുടിൽ വ്യവസായത്തെ പോഷിപ്പിക്കുന്നതിനു വേണ്ടതൊക്കെ ഗവൺമെണ്ടു ചെയ്യാമെന്നു ഉറപ്പു പറഞ്ഞതുകൊണ്ട് ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

Demand, put and carried

(viii) 23. Industries (Cranganur)

Mr. P. Govinda Menon *(Minister for Finance and Law)*: Under 23 Industries-Cranganur I move an amount of Rs. 4,130 be granted to Govornment.

Mr. E. Ikkanda Warrier *(Prime Minister)* I second it.

CUT MOTION

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: To reduce the allotment of Rs 4, 130 for Industries in Demend No 23. by Re 1 (തൊഴിലില്ലായ്മയാൽ കഷ്ടപ്പെട്ട വലയുന്നവരുടെ രക്ഷക്കും രാജ്യാഭിവൃദ്ധിക്കുമായി അഴീക്കോട്ടിൽ ഒരു കയർ വ്യവസായശാല (Coir factory) സ്ഥാപിക്കേണ്ട കാര്യം ഗവൺമെണ്ടിനെ ഉണർത്തുവാൻ) സർ, അഴീക്കോട്ടിലും, പരിസരങ്ങളിലും തൊഴിലില്ലാതെ ജനങ്ങൾ പട്ടിണിയാലും, ദാരിദ്ര്യത്താലും കഷ്ടപ്പെട്ടുവരുന്നതായി ഗവൺമെണ്ടിന്നറിയാമോ എന്നു ചോദിച്ചതിനു അറിവില്ലെന്നാണ് മറുപടി പറയുന്നതു്. ഗവൺമെണ്ടു് ഈ കാര്യത്തെ പറ്റി അന്വേഷിക്കുന്നപക്ഷം വളരെ അധികം ആളുകൾ തൊഴിലില്ലാതെ അവിടെ കഷ്ടപ്പെടുന്നുണ്ട് എന്നു ബോദ്ധ്യമാകുമെന്നു ഞാൻ ഉറപ്പു പറയുന്നു. ഈ പ്രദേശം കൊച്ചിയിൽ കയർ വ്യവസായത്തിന്റെ കേന്ദ്രസ്ഥാനമാണെന്നു ഗവർമ്മെണ്ടു് സമ്മതിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ട് ഗവർമ്മെണ്ടിന്റെ ഉടമസ്ഥതയിലൊ ഗവർമ്മെണ്ടിൽനിന്നു മുൻകയ്യെടുത്തൊ നാട്ടുകാരെക്കൊണ്ട് എട്ടുപ്പിച്ചുമറും ഒരു സ്ഥാപനം ഇവിടെയുണ്ടാക്കുവാൻ ശ്രമിക്കേണ്ടതാണ്. ബഹുമാനപ്പെട്ട അരയ പ്രതിനിധി പറഞ്ഞതുപോലെ വലിയൊരു വിഭാഗം ആളുകൾ ഒരു കുടിൽ വ്യവസായമായി ഈ കയർ വ്യവസായം ചെയ്തുപോരുന്നുണ്ട്. ഇതു വൻകിടയിൽ മാത്രം നടത്താൻ സാദ്ധ്യതയുള്ള ഒരു വ്യവസായമല്ല. ചെറിയ തോതിലും നടത്താവുന്നതാണ്. അതുകൊണ്ട് ഗവർമ്മെണ്ട് ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധവച്ച് നാട്ടുകാരുടെ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുവേണ്ടി അവിടെ ഒരു കയർ വ്യവസായശാല സ്ഥാപിക്കുന്നതിനു വേണ്ടി പ്രവർത്തിക്കണമെന്ന് അപേക്ഷിക്കുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, അഴീക്കോട് ഒരു കയർ വ്യവസായ ശാല സ്ഥാപിക്കണമെന്നാണ് ഉപക്ഷേപത്തിൽ പറയുന്നതു്. എന്നാൽ ഗവർമ്മെണ്ട് ഉടനെ അ

*Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly